എന്നാൽ ഇതിനാവശ്യമായ ലൈസൻസ് എക്സൈസ് കമ്മീഷണർ നൽകിയിട്ടില്ല.

(ഡി) ബാധകമല്ല.

(ഇ) വിദേശമദ്യവിൽപ്പനയിൽ നിന്ന് സെയിൽടാക്സ് ഇനത്തിൽ ലഭിച്ച വരുമാനത്തിന്റെ കണക്ക് താഴെകൊടുക്കുന്നു.

(രൂപ കോടികണക്കിൽ)

1995-96	1996-97	1997-98	1998-99
169.99	317.89	420.25	468.43

തൃശ്ശൂർ ജില്ലയിലെ പുതിയ ബാറുകൾ

58 (1881) ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999-2000 വർഷത്തിൽ തൃശ്ശൂർ ജില്ലയിൽ പുതിയതായി എത്ര ബാറുകൾ ആരംഭിച്ചിട്ടുണ്ട്;

(ബി) ഈ ബാറുകൾക്ക് എന്നാണ് ലൈസൻസ് നൽകിയിട്ടുള്ളത്; ആരുടെ പേരിൽ;

(സി) നിലവിൽ പ്രവർത്തിക്കാതിരിക്കുന്ന ബാറുകൾ വീണ്ടും ആരംഭിക്കുന്നതിന് ലൈസൻസ് പുതുക്കിക്കൊടുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(ഡി) വീണ്ടും ലൈസൻസ് പുതുക്കി നൽകിയതിലൂടെ ഓരോ ബാറിൽനിന്ന് സർക്കാരിനു ലഭിച്ചിട്ടുള്ള വരുമാനം എത്ര; ഇതിന്റെ കണക്ക് വ്യക്തമാക്കുമോ;

(ഇ) ലൈസൻസ് പുതുക്കിക്കൊടുത്തിട്ടും ആരംഭിച്ചിട്ടില്ലാത്ത ബാറുകൾ ജില്ലയിൽ ഉണ്ടോ; പുതുക്കാത്തവ ഏതെല്ലാം?

ഉത്തരം

(എ) തൃശ്ശൂർ ജില്ലയിൽ പുതിയ ബാറുകൾക്ക് ലൈസൻസ് നൽകിയിട്ടില്ല. എന്നാൽ മുടങ്ങിക്കിടന്ന താഴെപ്പറയുന്ന 4 ബാറുകൾക്ക് കോടതി വിധിയുടെ അടിസ്ഥാനത്തിൽ ബാർലൈസൻസ് പുതുക്കി നൽകിയിട്ടുണ്ട്.

1. പോളക്കുളത്ത് ടൂറിസ്റ്റ് ഹോം- കൊടുങ്ങല്ലൂർ
2. എം.ആർ. ടൂറിസ്റ്റ് ഹോം- വെള്ളാങ്ങല്ലൂർ, തൃശ്ശൂർ
3. സിന്ധുബാർ- കൊടുങ്ങല്ലൂർ
4. ഹോട്ടൽ അമരാവതി, (ഗോൾഡൻ ബീച്ച്), -ചാവക്കാട്

(ബി) വിശദവിവരം അനുബന്ധം 'എ' ആയി ചേർത്തിരിക്കുന്നു.†

(സി) 31.3.98-ലെ ബഹു. ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ ഒ.പി നമ്പർ 663/98 ന്റെയും അനുബന്ധ കേസുകളിലേയും പൊതു ജഡ്ജ്മെന്റ് പ്രകാരം മുടങ്ങിക്കിടക്കുന്ന ബാറുകൾ കാലാവധി കണക്കാക്കാതെ തന്നെ

† അനുബന്ധം VII

LIBRARY ARCHIVES Kerala Legislative Assembly

ഡിഫക്ട് ഫീസായ 25000/- രൂപാ ഓരോ വർഷത്തേയ്ക്ക് അടച്ച് തന്നാണ്ടത്തെ ലൈസൻസ് തുക അടച്ചും ലൈസൻസ് പുതുക്കാവുന്നതാണ്.

(ഡി) അനുബന്ധം 'ബി' ആയി ചേർത്തിരിക്കുന്നു.†

(ഇ) ഇല്ല.

ചാരായ നിരോധനംമൂലം തൊഴിൽ നഷ്ടപ്പെട്ടവർ

59 (1882)പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാരായ നിരോധനംമൂലം സംസ്ഥാനത്ത് എത്ര തൊഴിലാളികളാണ് തൊഴിൽ രഹിതരായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇവരെ പുനരധിവസിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്;

(സി) ചാരായ നിരോധനംമൂലം തൊഴിൽ രഹിതരായ തൊഴിലാളികളെ കള്ളുഷാപ്പുകളിൽ സെയിൽസ്മാനായി നിയമിക്കണമെന്ന ആവശ്യം പരിഗണിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കള്ളുഷാപ്പുകളിൽ സെയിൽസ്മാൻന്മാരായി പുറംവാതിൽ നിയനം നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അനധികൃത തൊഴിലാളികളെ പിരിച്ചുവിട്ട് ചാരായ തൊഴിലാളികളെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരളാ അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിരുന്ന 12500-ൽപരം ചാരായ തൊഴിലാളികൾ തൊഴിൽ രഹിതരായി.

(ബി) തൊഴിൽ രഹിതരായ ചാരായ തൊഴിലാളികളെ സർക്കാർ ആഭിമുഖ്യത്തിൽ പുനരധിവസിപ്പിക്കുക പ്രായോഗികമല്ലെന്നുകണ്ട് ബന്ധപ്പെട്ട വകുപ്പുമന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ തൊഴിലാളി സംഘടന പ്രതിനിധികളുമായി ചർച്ച നടത്തി തീരുമാനിച്ചതനുസരിച്ച് ഓരോ തൊഴിലാളിക്കും 30000/- രൂപയും ആശ്വാസധനസഹായമായി 2000/- രൂപ വീതവും സർക്കാർ വിതരണം ചെയ്യുകയുണ്ടായി. കൂടാതെ അബ്കാരി തൊഴിലാളിക്ഷേമനിധി ഫണ്ടിൽ നിന്ന് പ്രോവിഡന്റ് ഫണ്ട്, ഗ്രാറ്റുവിറ്റി, പെൻഷൻ, മരണാനന്തര സഹായം എന്നിവയും വിതരണം ചെയ്തിട്ടുണ്ട്.

(സി) ഇല്ല.

(ഡി)&(ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

---

† അനുബന്ധം VII

1137/2010.

LIBRARY ARCHIVES Kerala Legislative Assembly

12. എം.പി. ഡിസ്റ്റിലറി, പാലക്കാട്
13. എലൈറ്റ് ഡിസ്റ്റിലറീസ് ആന്റ് ബിവറേജസ്, തൃശൂർ
14. യുണൈറ്റഡ് ഡിസ്റ്റിലറി, കോഴിക്കോട്
15. കെ.എസ്. ഡിസ്റ്റിലറി, കണ്ണൂർ

അനുബന്ധം VI

8.3.2000-ലെ നക്ഷത്രചിഹ്നമിടാത്ത 57 (1880)-ാം നമ്പർ ചോദ്യം ദയവായി കാണുക

1. ഹോട്ടൽ ചാണക്യ, ഉള്ളൂർ, ശ്രീമതി ചിത്രാ രമേശ്
2. ഹോട്ടൽ താജ് ഗാർഡൻ, വർക്കല, ജി.എം. ടാജ് ഗാർഡൻ.
3. മാരാരി ബീച്ച്, മാരാരിക്കുളം, ആലപ്പുഴ, ഡൊമിനിക്, എം.ഡി.
4. ടാജ് റിട്രീറ്റ്, കുമരകം മനോജ് മാത്യു, മാനേജർ
5. കോക്കനട്ട് ലഗൂൺ, കുമരകം - സിദ്ധാർത്ഥ ഡൊമനിക്,
6. ടാജ് റിട്രീറ്റ് ഗാർഡൻസ്, തേക്കടി, ഡി. ഡൊമനിക്, ജനറൽ മാനേജർ
7. സ്പൈസസ് വില്ലേജ്, തേക്കടി, മൈക്കിൾ ഡൊമിനിക്, എക്സിക്യൂട്ടീവ് ഓഫീസർ
8. ഹോട്ടൽ അവശ്യ റീജന്റ് - എറണാകുളം ഒ.റ്റി. അലക്സാണ്ടർ
9. ടാജ് റെസിഡൻസ്, കോഴിക്കോട്, - അരവിന്ദ് കൈമൾ ജി.എം.കെ. റ്റി.സി. ഹോട്ടൽ, ലിമിറ്റഡ്.
10. മലബാർ പാലസ്, കോഴിക്കോട് - പി.എം. ഉതുപ്പ്, മാനേജിംഗ് പാർട്ട്നർ
11. ഹോട്ടൽ സൗത്ത് പാർക്ക് തിരുവനന്തപുരം ജി. മോഹൻദാസ്, മാനേജിംഗ് ഡയറക്ടർ, ഹോട്ടൽസൗത്ത് പാർക്ക്, തിരുവനന്തപുരം.
12. ലക്ഷ്മി ബാർ, പാരിപ്പള്ളി, കൊല്ലം.
13. ഹിമബാർ, നീണ്ടകര, കൊല്ലം.
14. ദി റിനയസൻസ്, പാലാരിവട്ടം, കൊച്ചി, കൃഷ്ണദാസ്, കൃഷ്ണലാൽ, മാനേജിംഗ് പാർട്ണർ, ദി റിനയസൻസ്, കൊച്ചി

അനുബന്ധം VII (a)

8.3.2000-ലെ നക്ഷത്രചിഹ്നമിടാത്ത 58 (1881)-ാം നമ്പർ ചോദ്യം ദയവായി കാണുക

(ബി) 1. പോളക്കുളത്ത് ടൂറിസ്റ്റുഹോം

എക്സൈസ് കമ്മീഷണറുടെ 17.12.1999-ലെ എക്സ് സി6. 25071/99 നമ്പർ ഉത്തരവിൻപ്രകാരം ശ്രീ. പി.കെ. നാരായണൻ പ്രൊപ്രൈറ്റർ, പോളക്കുളത്തു ടൂറിസ്റ്റുഹോം, കൊടുങ്ങല്ലൂർ എന്ന പേരിൽ നൽകി.

(2) എം.ആർ. ടൂറിസ്റ്റ് ഹോം

എക്സൈസ് കമ്മീഷണറുടെ 21.12.1999-ലെ എക്സ് സി6.10138/98 ആർ.ഡിസ് ഉത്തരവിൻ പ്രകാരം ശ്രീ. കെ.കെ. ജോസ്, മാനേജിംഗ് പാർട്നർ, എം.ആർ. ടൂറിസ്റ്റ് ഹോം വെള്ളങ്ങല്ലൂർ എന്ന പേരിൽ നൽകി.

(3) സിന്ധുബാർ, കൊടുങ്ങല്ലൂർ

LIBRARY ARCHIVES Kerala Legislative Assembly

എക്സൈസ് കമ്മീഷണറുടെ 4.6.1999-ലെ എക്സ് സി6. 5760/99 ഉത്തരവിൻപ്രകാരം ശ്രീ. എം.എം. കാർത്തികേയൻ, മേലേപരവത്ത് ഹൗസ്, മോത്തല, കൊടുങ്ങല്ലൂർ എന്ന പേരിൽ നൽകി.

(4) ഹോട്ടൽ അമരാവതി (ഗോൾഡൻ ബീച്ച്) എക്സൈസ് കമ്മീഷണറുടെ 6.1.2000-ലെ എക്സ് സി6 26940/99/ ആർ. ഡിസ് ഉത്തരവിൻ പ്രകാരം റ്റി.കെ. രാജീവൻ, താഷ്നത്ത് ഹൗസ് ചന്ദ്രപ്പിന്നി, കൊടുങ്ങല്ലൂർ എന്ന പേരിൽ നൽകി.

അനുബന്ധം VII (ബി)

(ഡി) തൃശ്ശൂർ ജില്ലയിൽ പുതുക്കി നൽകിയ ബാറുകളിൽനിന്നും ലഭിച്ച തുക താഴെ വിവരിക്കുന്നു.

	ഡിഫങ്ട് ഫീസ്	തന്നാണ്ടത്തെ റെന്റൽ ഫീസ്
(1) പോളക്കുളത്ത് ടൂറിസ്റ്റ് ഹോം കൊടുങ്ങല്ലൂർ	2,25000/-	13,00000/-
(2) എം.ആർ. ടൂറിസ്റ്റ് ഹോം	2,50,000/-	13,00000/-
(3) സിന്ധു ബാർ, കൊടുങ്ങല്ലൂർ	5,75,000/-	13,00000/-
(4) ഹോട്ടൽ അമരാപതി (ഗോൾഡൻ ബീച്ച്)	3,50,000/-	13,00000/-
ചാവക്കാട്	14,00,000/-	52,00000/-

ആകെ = 6600000/- രൂപ

അനുബന്ധം VIII(a)

8.3.2000-ലെ നക്ഷത്രചിഹ്നമിടാത്ത 60 (1883)-ാം നമ്പർ ചോദ്യം ദയവായി കാണുക

1.	തിരുവനന്തപുരം	-	1,59,300 ലിറ്റർ
2.	കൊല്ലം	-	3,38,580 ലിറ്റർ
3.	പത്തനംതിട്ട	-	1,68,516 ലിറ്റർ
4.	ആലപ്പുഴ	-	6,43,230 ലിറ്റർ
5.	കോട്ടയം	-	11,11,923 ലിറ്റർ
6.	ഇടുക്കി	-	3,39,471 ലിറ്റർ
7.	എറണാകുളം	-	12,67,389 ലിറ്റർ
8.	തൃശൂർ	-	11,46,195 ലിറ്റർ
9.	പാലക്കാട്	-	47,00,853 ലിറ്റർ
10.	മലപ്പുറം	-	4,79,691 ലിറ്റർ
11.	കോഴിക്കോട്	-	2,67,777 ലിറ്റർ
12.	വയനാട്	-	33,948 ലിറ്റർ
13.	കണ്ണൂർ	-	5,58,729 ലിറ്റർ
14.	കാസർകോട്	-	1,33,830 ലിറ്റർ
	ആകെ		113,49,432 ലിറ്റർ

അനുബന്ധം VIII(ബി)

1.	തിരുവനന്തപുരം	-	1,59,300 ലിറ്റർ
2.	കൊല്ലം	-	3,99,780 ലിറ്റർ
3.	പത്തനംതിട്ട	-	1,75,716 ലിറ്റർ

1137/2010.

LIBRARY ARCHIVES Kerala Legislative Assembly